**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4057** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഡയറക്ട് സെല്ലിങ്ങ് മാർഗ്ഗരേഖ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിപണി സുതാര്യത ഉറപ്പാക്കുന്നതിന്റെയും ഓൺലൈൻ മാർക്കറ്റിങ്ങിന്റെ മറവിൽ നടക്കുന്നതായി പറയപ്പെടുന്ന അനഭിലഷണീയമായ പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് വിപണി സുതാര്യത ഉറപ്പാക്കുന്നതിന്റെയും ഓൺലൈൻ മാർക്കറ്റിങ്ങിന്റെ മറവിൽ നടക്കുന്നതായി പറയപ്പെടുന്ന അനഭിലഷണീയമായ പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താക്കളുടെ നിയമാനുസൃത അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിക്കുന്നതിനും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും 04-10-2024ലെ GO(P)No.20/2024/CAD നമ്പർ പ്രകാരം ഡയറക്ട് സെല്ലിംഗ് മാർഗ്ഗരേഖ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ഇതുവഴി ഈ മേഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിനും ഉപഭോക്തൃസംരക്ഷണം ഉറപ്പുവരുത്തുന്നതിനും സാധിക്കും. |
| (ബി) | ഉപഭോക്താക്കളുടേയും ഉത്പാദകരുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഡിജിറ്റൽ ലോകത്ത് വിപണി സുതാര്യത ഉറപ്പാക്കുന്നതിനുമായി ഡയറക്ട് സെല്ലിങ്ങ് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് വിപണി സുതാര്യത ഉറപ്പാക്കുന്നതിന്റെയും ഓൺലൈൻ മാർക്കറ്റിങ്ങിന്റെ മറവിൽ നടക്കുന്നതായി പറയപ്പെടുന്ന അനഭിലഷണീയമായ പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താക്കളുടെ നിയമാനുസൃത അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിക്കുന്നതിനും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും 04-10-2024ലെ GO(P)No.20/2024/CAD നമ്പർ പ്രകാരം ഡയറക്ട് സെല്ലിംഗ് മാർഗ്ഗരേഖ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ഇതുവഴി ഈ മേഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിനും ഉപഭോക്തൃസംരക്ഷണം ഉറപ്പുവരുത്തുന്നതിനും സാധിക്കും. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ വ്യാപാരമേഖലയിലെ സുതാര്യത ഉറപ്പാക്കുന്നതിനായി സർക്കാർ നടത്തുന്ന വിപണി ഇടപെടലിന്റെ ദൃഷ്ടാന്തമായി പ്രസ്തുത മാർഗ്ഗരേഖ വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ ഡയറക്ട് സെല്ലിംഗ് മേഖലയെ നിരീക്ഷിക്കുന്നതിനും പ്രസ്തുത മേഖലയിലെ സുതാര്യത ഉറപ്പാക്കുന്നതിനും ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടിയാണ് പ്രസ്തുത മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ഡയറക്ട് സെല്ലിംഗ് മേഖലയിലെ സുതാര്യതയും അതുവഴിയുള്ള ഉപഭോക്തൃസംരക്ഷണവും ഉറപ്പാക്കുന്ന തിനായി സർക്കാർ നടത്തിയ ഇടപെടലിന്റെ ദൃഷ്ടാന്തമായി പ്രസ്തുത മാർഗ്ഗരേഖ കണക്കാക്കാവുന്നതാണ്. ഒരു ഡയറക്ട് സെല്ലിംഗ് സ്ഥാപനമോ ഡയറക്ട് സെല്ലറോ പിരമിഡ് സ്കീമുകൾ, മണി സർക്കുലേഷൻ സ്കീമുകൾ, തെറ്റിദ്ധരിപ്പിക്കുന്നതോ വഞ്ചനാപരമോ അന്യായമോ ആയ ഏതെങ്കിലും വ്യാപാര രീതികൾ എന്നിവയെ പ്രോത്സാഹിപ്പി ക്കുകയോ അതിലേർപ്പെടുകയോ അല്ലെങ്കിൽ ഏതെങ്കിലും ഒരു വ്യക്തിയെ അത്തരമൊരു സ്കീമിൽ ചേർക്കുകയോ ചെയ്യുന്നത് പ്രസ്തുത മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ